**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **06-07-2022 - ൽ മറുപടിയ്ക്ക്**

**മോർച്ചറിയിലെ ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം ചെയ്യേണ്ട ബോഡികളിൽ നിന്ന് കോവിഡ് ടെസ്റ്റിനുള്ള സ്വാബ് എടുത്താൽ എത്ര സമയത്തിനുള്ളിലാണ് റിസൾട്ട് മോർച്ചറിയിലേക്ക് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | പോസ്റ്റ്മോർട്ടം ചെയ്യേണ്ട ബോഡികളിൽ നിന്ന് കോവിഡ് ടെസ്റ്റിനുള്ള സ്വാബ് എടുത്താൽ മൈക്രോബയോളജി വിഭാഗത്തിൽ നിന്നും ഒന്നര മണിക്കൂറിനുള്ളിൽ റിസൾട്ട് ഫോറൻസിക് വിഭാഗത്തിലേക്ക് മെയിൽ ചെയ്തു കൊടുക്കുന്നു. |
| (ബി) | ഇ-മെയിൽ ആയാണോ റിസൾട്ട് ലഭ്യമാക്കുന്നത്; ഇ-മെയിൽ ആയി ലഭിക്കുന്ന റിസൾട്ട് ബന്ധപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ മോർച്ചറിയിലെ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതിനാൽ ഇൻക്വസ്റ്റ് നടപടികളും പോസ്റ്റ്മോർട്ടവും വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഇ-മെയിൽ വഴിയാണ് റിസൾട്ട് ലഭ്യമാക്കുന്നത്. പോസ്റ്റ്മോർട്ടം വൈകുന്നത് സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | ഇ-മെയിലായി കിട്ടുന്ന റിസൾട്ട് കൃത്യ സമയത്ത് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിനും ആയത് പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഇ-മെയിലായി കിട്ടുന്ന റിസൾട്ട് സംബന്ധിച്ച വിവരങ്ങൾ മോർച്ചറി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ, റിസൾട്ട് വരുന്നമുറയ്ക്ക് പോലീസിനെയും ബന്ധുക്കളെയും നേരിട്ടോ ഫോൺ മുഖാന്തിരമോ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാർ കൃത്യമായി അറിയിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ